"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ-വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 292/2009 നമ്പർ കേസ് - മീഡിയേഷനിൽ ഒത്തുതീർപ്പിലെത്തിയ തുക - 4217-60-800-93 Payment of Compensation in LAR Cases (Plan- Charged) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.201/2026/LSGD** **തീയതി, തിരുവനന്തപുരം, 24-01-2026**

പരാമർശം:-

1. ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 292/2009 നമ്പർ കേസിന്മേലുള്ള 24/01/2012-ലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/11/2025 തീയതിയിലെ എ3/1224/2013/ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 292/2009 നമ്പർ കേസിൽ, ബഹു. തിരുവനവന്തപുരം സബ് കോടതിയിൽ 22/10/2025-ൽ നടന്ന മീഡിയേഷനിൽ, ബാലൻസ് തുക 22/02/2026 തീയതിയിലോ അതിന് മുമ്പോ ബഹു. കോടതിയിൽ നിക്ഷേപിക്കണമെന്ന നിബന്ധനയോടെ, ഒത്തുതീർപ്പിലെത്തിയ 3,00,000/-രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ-വഴയില റോഡിന്റെ വികസനത്തിന് തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ റീ-സർവ്വേ നം. 2/31-ൽ പ്പെട്ട 4.35 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 292/2009 നമ്പർ കേസിലെ 22/10/2025 തീയതിയിൽ നടന്ന മീഡിയേഷനിൽ, ബാലൻസ് തുക 22/02/2026 തീയതിയിലോ അതിന് മുമ്പോ ബഹു. കോടതിയിൽ നിക്ഷേപിക്കണമെന്ന നിബന്ധനയോടെ, ഒത്തുതീർപ്പിലെത്തിയ **3,00,000/-രൂപ (മൂന്ന് ലക്ഷം രൂപ മാത്രം**) ടി കേസിലെ കക്ഷികൾക്ക് '4217-60-800-93 Payment of

Compensation in LAR Cases (PLan Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/458/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 27-01-2026 10:45:22

സെക്ഷൻ ഓഫീസർ